പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **1172** 12/06/2014 ൽ മറുപടി നൽകേണ്ടിയിരുന്നത്

## കടകംപള്ളി ഭൂമി തട്ടിപ്പു കേസിൽ പ്രതികളായ ഉദ്യോഗസ്ഥരുടെ പേരിൽ സ്വീകരിച്ച നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | | ശ്രീ. അടൂർ പ്രകാശ്. (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) കടകംപള്ളി ഭൂമി തട്ടിപ്പു കേസിൽ പ്രതികളായ സർക്കാർ ഉദ്യോഗസ്ഥർ ആരെല്ലാം; | (എ) (ബി) | കടകംപള്ളി ഭൂമി തട്ടിപ്പു കേസുമായി ബന്ധപ്പെട്ട് സി.ബി.ഐ. അന്വേഷണം നടന്നു വരുന്നു. അന്വേഷണം പൂർത്തിയായാലേ പ്രതികളെക്കുറിച്ചുള്ള പൂർണ്ണ വിവരം ലഭ്യമാകൂ. |
| (ബി) ഓരോ ഉദ്യോഗസ്ഥരുടെയും വകുപ്പും വഹിക്കുന്ന സ്ഥാനവും വെളിപ്പെടുത്തുമോ; | | |
| (സി) തട്ടിപ്പ് കേസിൽ പ്രതികളായ ഉദ്യോഗസ്ഥരുടെ പേരിൽ സ്വീകരിച്ച വകുപ്പുതല അച്ചടക്ക നടപടി വിശദീകരിക്കുമോ; | (സി) | കടകംപള്ളി വില്ലേജിലെ വിവാദമായ സർവ്വെ നമ്പരുകളിൽപ്പെട്ട ഭൂമിയുടെ പോക്കുവരവ് നടപടികളുമായി ബന്ധപ്പെട്ട് ശ്രീ.ടി.വിദ്യോദയ കുമാർ, ഡെപ്യൂട്ടി തഹസീൽദാർ (മുൻ കടകംപള്ളി വില്ലേജ് ഓഫീസർ), ശ്രീ.അബ്ദുൾ ഗഫാർ, സ്പെഷ്യൽ വില്ലേജ് ഓഫീസർ, ശ്രീ.എസ്.ഷാജി, സ്പെഷ്യൽ വില്ലേജ് ഓഫീസർ, ശ്രീ.കെ.അജികുമാർ, വില്ലേജ്മാൻ എന്നിവരെ പ്രാഥമികാന്വേഷണാനന്തരം സസ്പെന്റ് ചെയ്യുകയും തുടർന്ന് കെ.സി.എസ് & സി.സി.എ. റൂൾ പ്രകാരം കഠിന ശിക്ഷ വ്യവസ്ഥ ചെയ്ത് കുറ്റപത്രം നൽകുകയും അച്ചടക്ക നടപടികൾ സ്വീകരിക്കുകയും, വേതന വർദ്ധനവുകൾ തടഞ്ഞു കൊണ്ട് അച്ചടക്ക നടപടികൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഈ വിഷയവുമായി ബന്ധപ്പെട്ട് ദക്ഷിണ മേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടറും റവന്യൂ സെക്രട്ടറിയും നടത്തിയ അന്വേഷണങ്ങളിൽ ഭൂമി |

അനധികൃതമായി പോക്കുവരവ് ചെയ്തു നൽകുക വഴി കുറ്റക്കാരനാണെന്ന് കണ്ടെത്തിയ കടകംപള്ളി വില്ലേജാഫീസറായിരുന്ന ശ്രീ.ടി.എൻ.സുബ്രഹ്മണ്യൻ പിള്ളയെ സസ്പെന്റു ചെയ്യുകയും ടിയാനെതിരെ കെ.സി.എസ് & സി.സി.എ. റൂൾ പ്രകാരം കഠിന ശിക്ഷ വ്യവസ്ഥകൾക്കുള്ള അച്ചടക്ക നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) പ്രതികളായ ആരുടെയെങ്കിലും പേരിൽ ഇതുവരെ അച്ചടക്ക നടപടി എടുക്കാതിരുന്നിട്ടുണ്ടോ; എങ്കിൽ ആരുടെയൊക്കെ;

(ഡി)

(ഇ) മുൻപ് നടപടിയെടുത്ത ഏതെങ്കിലും ഉദ്യോഗസ്ഥന്റെ പേരിലുള്ള നടപടി റദ്ദാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ ?

(ഇ) ഇല്ല

സെക്ഷൻ ഓഫീസർ